പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3675 20/06/2019-ൽ മറുപടിക്ക്

## അതിരപ്പിള്ളിയിൽ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി )** | |
| എ) | പതിനാല് കോളനികളിലായി ആദിവാസി വിഭാഗത്തിൽപ്പെട്ടവരും, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും, തോട്ടം മേഖലയിലെ നിരവധി ജനങ്ങളും അധിവസിക്കുന്ന അതിരപ്പിള്ളി പഞ്ചായത്തിൽ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | പുതിയ ആരോഗ്യ സ്ഥാപനങ്ങൾ അനുവദിക്കുക എന്നതിലുപരി നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകിവരുന്നത്. ആയതിന്റെ ഭാഗമായി ആരംഭിച്ച ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചു വരുന്നു. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ട്രൈബൽ ഡിപ്പാർട്മെന്റിന് കീഴിൽ മലക്കപ്പാറയിൽ ഒരു ട്രൈബൽ ഓ. പി. പ്രവർത്തിക്കുന്നുണ്ട്.അവിടെ ഡോക്ടർ, ഫാർമസിസ്റ്റ്, സ്റ്റാഫ് നേഴ്സ് , നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ ടാറ്റ ടീ കമ്പനിയുടെ ഒരു ഓ.പി. ക്ലിനിക്കും ചാക്കയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയൊന്നും കൂടാതെ നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ഡ്രൈവർ എന്നിവരടങ്ങിയ ഒരു മൊബൈൽ മെഡിക്കൽ ടീമും, ട്രൈബൽ ഡിപ്പാർട്മെന്റിന്റെ കീഴിൽ ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ലാബ് ടെക്നിഷ്യൻ എന്നിവരടങ്ങിയ മൊബൈൽ മെഡിക്കൽ ടീമും പ്രവർത്തിക്കുന്നു. ഈ മൊബൈൽ ടീമുകൾ മാസത്തിലൊരിക്കൽ ട്രൈബൽ കോളനികളുമായി ബന്ധപ്പെട്ട് സേവനങ്ങൾ നൽകിവരുന്നുണ്ട്. |
| ബി) | അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പി.എച്ച്.സി., കിടത്തി ചികിത്സാ സൗകര്യത്തോടുകൂടിയ | ബി) | അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പബ്ലിക് ഹെൽത്ത് സെന്ററിനെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമായി മാറ്റി ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ നിർമാണ നവീകരണ പ്രവർത്തനത്തിനായി 15 .50 ലക്ഷം രൂപയുടെ ഭരണാനുമതി |

| | | | |
|---|---|---|---|
| | ആശുപത്രിയായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | | നല്കിയിട്ടുണ്ട്. ടി പ്രവർത്തനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു. ടി പബ്ലിക് ഹെൽത്ത് സെന്ററിന്റെ ചുറ്റളവിലായി ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി അധിക തസ്തികകൾ സൃഷ്ടിച്ച പരിയാരം ഫാമിലി ഹെൽത്ത് സെന്റർ 17 കിലോമീറ്റർ ചുറ്റളവിലും, 20 കിലോമീറ്റർ ചുറ്റളവിൽ എലിഞ്ഞിപ്ര ബ്ലോക്ക് പബ്ലിക് ഹെൽത്ത് സെന്ററും, 24 കിലോമീറ്റർ ചുറ്റളവിൽ ചാലക്കുടി താലൂക്ക് ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. വെറ്റിലപ്പാറ ഫാമിലി ഹെൽത്ത് സെന്ററിൽ ഒരു ഡോക്ടർ ഉൾപ്പെടെ 22 ജീവനക്കാരുടെ സേവനം ലഭ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.